പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 206

# 2019-ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ഭേദഗതി ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2019

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

Published on 23-07-19

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 206

# 2019-ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ഭേദഗതി ബിൽ

788/2019.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 206

# 2019-ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ഭേദഗതി ബിൽ

2015-ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ആക്റ്റ്

ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—2015-ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ആക്റ്റ് (2016-ലെ 3) ഇതിനുശേഷം. കാണുന്ന ആവശ്യങ്ങൾക്കായി ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപതാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.— (1) ഈ ആക്റ്റിന് 2019-ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ഭേദഗതി ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 2-ാം വകുപ്പിന്റെ ഭേദഗതി.—2015-ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ആക്റ്റിലെ (2016-ലെ 3) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 2-ാം വകുപ്പിൽ (എച്ച്) ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്,—

"(ഐ) "ന്യായമല്ലാത്ത പ്രവൃത്തികൾ" എന്നാൽ പ്രവാസി ഭാരതീയരായ കേരളീയരുടെ മനുഷ്യാവകാശങ്ങളെ ലംഘിക്കുന്നതോ അവരുടെ സാമൂഹികമോ സാംസ്കാരികമോ ആയ ഉന്നമനത്തെ തടയുന്നതോ അത്തരം അവകാശങ്ങളെ ഹനിക്കുന്നതോ ആയ പ്രവൃത്തികളും, നിയമവിരുദ്ധമായതോ, അന്യായമായ സാമ്പത്തിക ലാഭം നേടുന്നതിനായോ മറ്റേതെങ്കിലും ദുരുദ്ദേശത്തോടുകൂടിയോ ഉള്ള പ്രവൃത്തികളും ചതിപ്രയോഗമോ ആൾമാറാട്ടമോ ഉൾപ്പെടെയുള്ളതുമായ അങ്ങനെയുള്ള പ്രവൃത്തികളും എന്നർത്ഥമാകുന്നു.".

788/2019.

3. 3-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്ടിലെ 3-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പിലെ (v)-ാം ഇനത്തിൽ "അറുപത്തഞ്ച് " എന്ന വാക്കിനുപകരം "എഴുപത് " എന്ന വാക്ക് ചേർക്കേണ്ടതാണ്.

4. 4-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്ടിലെ 4-ാം വകുപ്പിൽ,—

(i) (1)-ാം ഉപവകുപ്പിൽ "പുനർനിയമനത്തിന് " എന്ന വാക്കിനുപകരം "പുനർനാമനിർദ്ദേശത്തിന് " എന്ന വാക്ക് ചേർക്കേണ്ടതാണ്;

(ii) (2)-ാം ഉപവകുപ്പിന്റെ ക്ലിപ്തനിബന്ധനയിൽ "നിയമിക്കപ്പെട്ട" എന്ന വാക്കിന് പകരം "നാമനിർദ്ദേശം ചെയ്യപ്പെട്ട" എന്ന വാക്കുകളും "നിയമിക്കപ്പെടുന്നത് " എന്ന വാക്കിനുപകരം "നാമനിർദ്ദേശം ചെയ്യപ്പെടുന്നത് " എന്ന വാക്കുകളും ചേർക്കേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

പ്രവാസി ഭാരതീയരായ കേരളീയരുടെ താത്പര്യങ്ങൾ സംരക്ഷിക്കുന്നതിനും സുരക്ഷിതത്വത്തിനും അവരുടെ ക്ഷേമത്തിനാവശ്യമായ പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനും വേണ്ടി ഒരു കമ്മീഷൻ രൂപീകരിക്കുന്നതിലേക്കായി സംസ്ഥാന നിയമസഭ 2015-ൽ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ആക്ട് എന്ന പേരിൽ ഒരു നിയമനിർമ്മാണം നടത്തുകയുണ്ടായി. പ്രസ്തുത നിയമപ്രകാരം കമ്മീഷൻ ചെയർപേഴ്സണായി നിയമിക്കപ്പെടുന്ന റിട്ടയർ ചെയ്ത ഹൈക്കോടതി ജഡ്ജിയുടെ പ്രായപരിധി അറുപത്തിയഞ്ച് വയസ്സ് എന്നാണ് നിജപ്പെടുത്തിയിട്ടുള്ളത്. അറുപത്തിരണ്ടാം വയസ്സിൽ റിട്ടയർ ചെയ്തശേഷം നിയമിതനാകുന്ന ഒരു ജഡ്ജിക്ക് കമ്മീഷൻ ചെയർപേഴ്സണായി ഒരു ടേം (3 വർഷം) പൂർത്തിയാക്കുവാൻ കഴിയുന്നില്ല. അതുപോലെ കമ്മീഷന് ന്യായമല്ലാത്ത പ്രവൃത്തികൾക്ക് മേൽ നടപടി സ്വീകരിക്കുവാൻ അധികാരം നൽകിയിട്ടുണ്ടെങ്കിലും ന്യായമല്ലാത്ത പ്രവൃത്തികൾക്ക് ഒരു നിർവ്വചനം നൽകിയിരുന്നില്ല. പ്രസ്തുത ആവശ്യങ്ങൾക്കും ഇതിനോടനുബന്ധമായിട്ടുള്ള മറ്റ് കാര്യങ്ങൾക്കുമായി 2015-ലെ ആക്ടിൽ ഭേദഗതി വരുത്തേണ്ടത് ആവശ്യമാണെന്ന് സർക്കാർ കരുതുന്നു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യ മെമ്മോറാണ്ടം

ഈ ബിൽ നിയമമാകുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിത നിധിയിൽ നിന്നും യാതൊരു അധികചെലവും ഉണ്ടാകുന്നതല്ല.

പിണറായി വിജയൻ.

# 2015-ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ആക്റ്റിൽ (2016-ലെ 3) നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

** ** ** **

2. നിർവ്വചനങ്ങൾ.— ഈ ആക്റ്റിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

** ** ** **

(എച്ച്) "റഗുലേഷൻസ് " എന്നാൽ ഈ ആക്റ്റിലെ 7-ാം വകുപ്പ് (8)-ാം ഉപവകുപ്പ് പ്രകാരം കമ്മീഷൻ ഉണ്ടാക്കുന്ന റഗുലേഷൻസ് എന്നർത്ഥമാകുന്നു.

3. കമ്മീഷന്റെ രൂപീകരണം.—(1) സർക്കാർ, ഈ ആക്റ്റ് പ്രാബല്യത്തിൽ വന്നതിനുശേഷം, കഴിയുന്നത്രവേഗം, ഗസറ്റ് വിജ്ഞാപനം വഴി, "പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ" എന്നറിയപ്പെടുന്ന ഒരു നികായം, ഈ ആക്റ്റിൻ കീഴിൽ അതിന് നൽകിയിട്ടുള്ള അധികാരങ്ങൾ വിനിയോഗിക്കുന്നതിനും ചുമതലകൾ നിർവ്വഹിക്കുന്നതിനും വേണ്ടി രൂപീകരിക്കേണ്ടതാണ്.

(2) ** ** ** **

(v) അറുപത്തഞ്ച് വയസ്സ് പൂർത്തിയായ ഒരാൾ ചെയർപേഴ്സണോ അംഗമോ ആയി തുടരാൻ പാടുള്ളതല്ല.

4. അംഗങ്ങളുടെ ഉദ്യോഗകാലാവധിയും സേവനവ്യവസ്ഥകളും.—(1) സർവ്വീസിൽ നിന്നും നിയമിക്കപ്പെടുന്ന സെക്രട്ടറി ഒഴികെയുള്ള എല്ലാ അംഗങ്ങൾക്കും അവർ ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ മൂന്ന് വർഷക്കാലം തൽസ്ഥാനത്ത് തുടരാവുന്നതും ഒന്നിൽ കൂടാത്ത തവണ പുനർനിയമനത്തിന് അർഹരായിരിക്കുന്നതുമാണ്.

(2) ഏതെങ്കിലും അംഗത്തിന്റെ മരണം, നീക്കം ചെയ്യൽ, രാജിവയ്ക്കൽ എന്നിവ മൂലമുണ്ടാകുന്ന ആകസ്മിക ഒഴിവുകൾ പുതിയ നാമനിർദ്ദേശം മുഖേന നികത്തേണ്ടതാണ്:

എന്നാൽ, അങ്ങനെ നിയമിക്കപ്പെട്ട വ്യക്തി, ആരുടെ സ്ഥാനത്തേക്കാണോ നിയമിക്കപ്പെടുന്നത്, അയാളുടെ കാലാവധിയിലെ അവശേഷിക്കുന്ന കാലയളവിലേക്ക് മാത്രം ഔദ്യോഗിക സ്ഥാനത്ത് തുടരേണ്ടതാണ്.

** ** ** **

---